# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 253 01.12.2014-ൽ മറുപടിയ്ക്ക്

### മാവോയിസ്റ്റ് ആക്രമണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) സംസ്ഥാനത്ത് മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് ശക്തിപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വന പ്രദേശങ്ങളിലും വനത്തിനോട് അടുത്ത പ്രദേശങ്ങളിലും മറ്റും സമീപ കാലത്തായി മാവോയിസ്റ്റ് സാന്നിദ്ധ്യം സംശയിക്കുന്നു. |
| ബി) 2014 ജനുവരി മുതൽ സംസ്ഥാനത്ത് എത്ര മാവോയിസ്റ്റ് ആക്രമണങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (ബി) 3 അക്രമങ്ങളിൽ സാന്നിദ്ധ്യമുള്ളതായി സംശയിക്കുന്നു. |
| സി) പ്രസ്തുത ആക്രമണ സംഭവങ്ങളിൽ എത്രപേരുടെ പേരിലാണ് കേസ് എടുത്തിട്ടുള്ളത് ; ആരെയെങ്കിലും ഇതിന്റെ പേരിൽ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; | (സി) വെള്ളമുണ്ട പോലീസ് സ്റ്റേഷൻ ക്രൈം 142/2014 നമ്പർ കേസിൽ മാവോയിസ്റ്റ് പ്രവർത്തകനായ രൂപേഷും മറ്റു കണ്ടാൽ അറിയാവുന്ന നാലുപേരുമാണ് പ്രതികൾ. മറ്റു രണ്ടു കേസുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല. |
| ഡി) നീറ്റാ ജലാറ്റിൻ കമ്പനിയുടെ ഓഫീസ് ആക്രമിച്ചത് മാവോയിസ്റ്റുകളാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) നീറ്റാ ജലാറ്റിൻ കമ്പനിയുടെ ഓഫീസ് ആക്രമിച്ചത് മാവോയിസ്റ്റുകൾ ആണെന്ന് നിലവിൽ സ്ഥിരീകരിച്ചിട്ടില്ല. പക്ഷേ മാവോയിസ്റ്റുകളാണ് ആക്രമണത്തിന് പിന്നിലെന്ന് സംശയിക്കുന്നു. അന്വേഷണം പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ